**എ. ഡി. ബി. വായ്പയുടെ വിശദാംശങ്ങളും ആഭ്യന്തരവായ്പകളുടെ സാദ്ധ്യതകളും**

17 [300] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഏതെല്ലാം വിദേശ ഏജൻസികളിൽ നിന്ന് വായ്പ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) അതിൽ എ. ഡി. ബി.യുടെ ധനസഹായം എത്രയാണെന്നും അതിന് സർക്കാർ നൽകേണ്ട പലിശ എത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) പ്രോഗ്രാമുകൾക്കല്ലാതെ പ്രോജക്ടുകൾക്ക് എ. ഡി. ബി.-യിൽ നിന്നും ധനസഹായം ലഭിക്കാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇൻഡ്യയ്ക്കകത്തെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തന്നെ ഇതിലും കുറഞ്ഞ പലിശ നിരക്കിൽ ഇതിനാവശ്യമായ തുക എടുത്തുകൂടേ;

(ഇ) കേരളത്തിലെ മറുനാടൻ മലയാളികളുടെ ബാങ്ക് നിക്ഷേപം 48000 കോടി രൂപയിൽ അധികമാണെന്ന വസ്തുത പരിഗണിച്ച് വിദേശ ഏജൻസികൾക്ക് പകരം ആഭ്യന്തര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വികസന പദ്ധതികൾക്ക് ധനസഹായം സ്വീകരിക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) സർക്കാർ നേരിട്ട് വിദേശ ഏജൻസികളിൽ നിന്ന് വായ്പ സ്വീകരിക്കുന്നില്ല. എന്നാൽ വിവിധ പദ്ധതികൾ നടത്തുന്നതിലേക്കായി വിദേശ ഏജൻസികളുടെ സഹായത്താൽ കേന്ദ്രത്തിൽ നിന്നും അധിക കേന്ദ്ര സഹായം ലഭിച്ചുവരുന്നു. ലോക ബാങ്ക്, ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ, ഇന്റർനാഷണൽ ബാങ്ക് ഫോർ റൂറൽ ഡെവലപ്പ്മെന്റ്, ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡെവലപ്പ്മെന്റ്, എ. ഡി. ബി. തുടങ്ങിയ വിദേശ ഏജൻസികളാണ് ഇപ്പോൾ സഹായം നൽകി വരുന്നത്.

(ബി) എ. ഡി. ബി.-യിൽ നിന്ന് 601.30 കോടി രൂപ കേന്ദ്ര സർക്കാർ വഴി വായ്പയായി ലഭിച്ചിട്ടുണ്ട്. ഇതിൽ 70 ശതമാനം വായ്പയായും 30 ശതമാനം ഗ്രാന്റായുമാണ് ലഭിച്ചിട്ടുള്ളത്. വായ്പയായി ലഭിക്കുന്ന തുകയ്ക്ക് കേന്ദ്ര സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പലിശ നിരക്ക് 10.5% ആണ്. മൊത്തം പലിശ നിരക്ക് 8.05% ആകുന്നു.

(സി) ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി ആന്റ് ഇ) കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സംസ്ഥാന ഗവൺമെന്റിന് ഏതെങ്കിലും സ്ഥാപനത്തിൽ നിന്നു ധനസഹായം സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. ആഭ്യന്തര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്.

എ. ഡി. ബി. വായ്പ വ്യവസ്ഥകൾ

18 [301] ശ്രീ. കെ. പി. മോഹനൻ :
,, എ. സി. ഷൺമുഖദാസ് :
,, സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം എത്ര തുക എ.ഡി.ബി.-യിൽ നിന്ന് വായ്പയായി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആ തുക എന്തൊക്കെ ആവശ്യങ്ങൾക്കായി ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് എ.ഡി.ബി ഏതെങ്കിലും വ്യവസ്ഥ മുന്നോട്ട് വച്ചിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി തുകയുടെ വിനിയോഗം എന്തെങ്കിലും തരത്തിൽ നടന്നിട്ടുണ്ടോ; എങ്കിൽ അങ്ങനെ നടത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) 125 മില്യൻ ഡോളർ (601.30 കോടി രൂപ).

(ബി) ഭരണനവീകരണത്തിനും സാമ്പത്തിക പരിഷ്കാരങ്ങൾക്കുമായി ചെലവഴിച്ചുകൊണ്ടിരിക്കുന്നു.

(സി) അനുബന്ധമായി കൊടുത്തിട്ടുള്ള "പ്രോഗ്രാം ഇംപ്ലിമെന്റേഷൻ കോസ്റ്റ്" അനുസരിച്ചാണ് തുക ചെലവഴിക്കുന്നത്.†

(ഡി) ഇല്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly